**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3904** **09-10-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂരിലെ ഫിഷറീസ് കോളജിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂരിലെ ഫിഷറീസ് കോളജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ആയതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണ് എന്നും വിശദമാക്കാമോ; | (എ) | പ്ലാൻ ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ, ആ വർഷം സർവകലാശാലയ്ക്ക് ലഭ്യമായ പ്ലാൻ ഫണ്ട്, കുടിശിക ഉണ്ടായിരുന്ന ബില്ലുകൾ തീർപ്പാക്കുന്നതിനു മുൻഗണന നൽകിയാണ് ഉപയോഗിച്ചത്. നിലവിലെ സാമ്പത്തിക വർഷം (2025-26) "Construction of Compound wall cum Entrance gate and approach road, DPR Preparation" എന്നിവയ്ക്കായി ഒരു കോടി രൂപ പ്ലാൻ ഇനത്തിൽ ഉൾക്കൊള്ളിച്ച് കുഫോസ് രജിസ്ട്രാർ സമർപ്പിച്ചിരിക്കുന്ന പ്രൊപോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പുതിയ കെട്ടിടത്തിന്റെ ഡി. പി. ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത് എന്ന് അറിയിക്കാമോ; | (ബി) | പയ്യന്നൂരിലെ ഫിഷറീസ് കോളജിന്റെ പുതിയ കെട്ടിടത്തിന്റെ ഡി. പി. ആർ. തയ്യാറാക്കുന്നതിന് KITCO യെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | പുതിയ കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പയ്യന്നൂരിലെ ഫിഷറീസ് കോളജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിലവിൽ സർവകലാശാലയ്ക്ക് ലഭ്യമായ പ്ലോട്ടിലേക്കുള്ള വഴി ചില പ്രാദേശിക പ്രശ്നങ്ങൾ കാരണം ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കാവുന്നതാണ്. നിലവിലെ സാമ്പത്തിക വർഷം (2025-26) പയ്യന്നൂർ ഫിഷറീസ് കോളജിലെ "Construction of Compound wall cum Entrance gate and approach road, DPR Preparation" എന്നിവയ്ക്കായി ഒരു കോടി രൂപ പ്ലാൻ ഇനത്തിൽ ഉൾക്കൊള്ളിച്ച് കുഫോസ് രജിസ്ട്രാർ സമർപ്പിച്ചിരിക്കുന്ന പ്രൊപോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ